"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. വി.എൻ. നാരായണൻ നായർക്കെതിരായ ശിക്ഷണ നടപടി നടപ്പിലാക്കുന്നതിലെ കാലതാമസം മാപ്പാക്കി സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2295/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/12/2020

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 19.08.2020-ലെ PAN/14098/2019-D4(DP) നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എൻ. നാരായണൻ നായരുടെ പേരിലുള്ള അച്ചടക്ക നടപടി സ.ഉ.(സാധാ) നം.339/2015/തസ്വഭവ തീയതി 02.02.2015 പ്രകാരം 3 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ 3 വർഷത്തേക്ക് തടഞ്ഞ് ഉത്തരവായിരുന്നുവെന്നും എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയത് 31.10.2017-ൽ മാത്രമാണ് എന്നും ശിക്ഷണ നടപടികൾ പൂർത്തിയാക്കും മുമ്പ് 31.03.2020-ന ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചു എന്നും 01.10.2015 മുതൽ 30.09.2018 വരെ ശമ്പളയിനത്തിൽ കൈപ്പറ്റിയ 40,827/- രൂപ ടിയാൻ തനതു ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ടെന്നും ശിക്ഷണ നടപടികൾ നടപ്പാക്കുന്നതിലെ കാലതാമസം മാപ്പാക്കി സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ മേൽ പരാമർശിത കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശിക്ഷണ നടപടികൾ പൂർത്തിയാക്കും മുമ്പ് 31.03.2020-ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. വി.എൻ. നാരായണൻ നായരുടെ 3 വാർഷിക ശമ്പളവർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ 3 വർഷത്തേക്ക് തടഞ്ഞ് പുറപ്പെടുവിച്ച 02.02.2015-ലെ സ.ഉ(സാധാ) നം. 339/2015 പ്രകാരമുള്ള തുക ടിയാൻ അടവാക്കിയിട്ടുണ്ടെങ്കിൽ ശിക്ഷണ നടപടികൾ നടപ്പാക്കുന്നതിലെ കാലതാമസം മാപ്പാക്കി സാധൂകരണം നൽകുന്നു. മേലിൽ ഇത്തരം വീഴ്ച സംഭവിയ്ക്കാതെ സൂക്ഷിക്കാൻ വകുപ്പ് തലവൻ കൂടിയായ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

3. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

4. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്സ് നം.WW1/151/2020-Fin. Dated 17.11.2020 പ്രകാരം)

5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by SUDHEER S S
Date: 2020.12.11 1[illegible]:54:42 IST
Reason: Approved

സെക്ഷൻ ഓഫീസർ